കണ്ണൂർ ജില്ലയിലെ സ്ഫോടനങ്ങൾ

75 (1009) ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കണ്ണൂർ ജില്ലയിൽ എവിടെയെല്ലാം സ്ഫോടനങ്ങൾ ഉണ്ടായിട്ടുണ്ട് ; എത്ര സ്ഫോടനങ്ങൾ ഉണ്ടായി ;

(ബി) ഈ സ്ഫോടനങ്ങളിൽ എത്ര പേർ കൊല്ലപ്പെട്ടു ; എത്ര പേരുടെ കൈപ്പടങ്ങൾ നഷ്ടപ്പെട്ടു ; എത്രപേർക്ക് പരിക്കേറ്റു ;

(സി) സഫോടനങ്ങളിൽ മരിച്ചവരും കൈപ്പത്തികൾ നഷ്ടപ്പെട്ടവരും പരിക്കേറ്റവരും ആരെന്നും അവരുടെ രാഷ്ട്രീയ ബന്ധം എന്താണെന്നും വിശദമാക്കാമോ ;

(ഡി) പ്രസ്തുത സ്ഫോടനങ്ങളിലേറ്റ പരുക്കിന്റെ സ്വഭാവങ്ങളിൽ നിന്നും സ്ഫോടനങ്ങൾ എപ്രകാരമാണ് സംഭവിച്ചെതെന്ന് വിശദീകരിക്കാമോ ;

(ഇ) ഈ ഓരോ സ്ഫോടനത്തെ സംബന്ധിച്ച് കേസ് എടുത്തിട്ടുണ്ടോ ; പ്രതികൾ ആരെല്ലാമാണ് ; ഓരോരുത്തരും ഏതെല്ലാം രാഷ്ട്രീയ കക്ഷികളിൽപ്പെടുന്നു ;

(എഫ്) എന്തെല്ലാം കുറ്റങ്ങൾക്കാണ് അവരുടെ മേൽ കേസ് എടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ജി) ഓരോ കേസിന്റെയും ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിവരിക്കുമോ ?

ഉത്തരം

(എ) കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷൻ അതിർത്തിയിൽ കക്കാട്, കീഴ്ത്തള്ളി, കണ്ണൂർ കളക്ട്രേറ്റിന് മുൻവശം, താവക്കര, പാലാട്, പേരാവൂർ സർക്കിൾ അതിർത്തിയിൽ പെരിന്തോടി, വായന്നൂർ, എടയാർ, ശാന്തിഗിരി, പാൻച്ചൂരം, കാഞ്ഞിലേരി, മാലൂർ, മത്തണ്ടൂർ, കണ്ണൂർ സിറ്റി സർക്കിൾ അതിർത്തിയിൽ നരിക്കോട്, പയ്യന്നൂർ സർക്കിൾ അതിർത്തിയിൽ പയ്യന്നൂർ, പെരിങ്ങോം, മട്ടന്നൂർ സർക്കിൾ അതിർത്തിയിൽ ഇല്ലമൂല, ഊരത്തൂർ, ആലക്കോട് സർക്കിൾ അതിർത്തിയിൽ നടുവിൽ, കുടിയാൻമല, ഇരിട്ടി സർക്കിൾ അതിർത്തിയിൽ ഇരിട്ടി, ആറളം, കരിക്കോടകരി, വളപട്ടണം സർക്കിൾ അതിർത്തിയിൽ അഴിക്കൽ, പുതിയ തെരുവ്, മാത്തോട്ടം, നമ്പിക്കുന്ന്, അലവിൽ, മീൻകുന്ന്, തലശ്ശേരി സർക്കിൾ അതിർത്തിയിൽ കൊടക്കയം, തിരുവങ്ങാട്, ഒഴയിൽഭാഗം, പാലൂർ സർക്കിൾ ലിമിറ്റിൽ ഏലാംകോട്, വെള്ളങ്ങാട്, പന്ന്യന്നൂർ, ചംപാട്, മൊകേരി, മീത്തലെചമ്പയ്, ഈസ്റ്റ് കതിരൂർ, പാത്തിപാലം, കുണ്ട്ചിറ,

LIBRARY ARCHIVES Kerala Legislative Assembly

മൂഴിക്കര, കതിരൂർ, പത്തായക്കുന്ന്, ചോയ്യാടം, പൂക്കോട്, ഒളവിലം, മത്തിപറമ്പ്, മാക്കൂൽപീടിക, ഡയമണ്ട് മുക്ക്, ഉക്കാസ്സ്മൊട്ട പൂത്തൂർ, കൈവേലിക്കൻ, ചോതാവൂർ, പാനൂർ ഹൈസ്കൂൾ കുണ്ടുപാലം, കൂറ്റേരി, പുല്യോട്, കരിയാട്, മെയ്തു കായ്യീരം, ചെണ്ടക്കാട്, വരപ്ര വേറ്റുമ്മൽ, കൂറാറ, നമ്പാപീടിക, കെ. ബി. മുക്ക്, പൊന്ന്യം, അഞ്ചുകുളങ്ങര, പെരിങ്ങാടി മാടത്ത്, നായനാർ റോഡ്, കതിരൂർ ജി. എച്ച്.എസ്. കട്ടേപ്രം, വള്ള്യായി, മൂന്നാംപീടിക, പാലക്ക്യൻ, പാനൂർ ടൗൺ, മനോക്കര നിള്ളങ്കൽ, ചമ്പാട്, കൊങ്കച്ചി, കുത്തുപ്പറമ്പ് സർക്കിൾ അതിർത്തിയിൽപ്പെട്ട ആയിക്കര മമ്പറം, കോട്ടയം പൊയിൽ ചിറ്റാരിപ്പറമ്പ്, ചെറുവാഞ്ചേരി, കണ്ണവം, തൊക്കിലങ്ങാടി, വട്ടിപ്രം, വണ്ണാത്തിമൂല, മുട്ടപ്പത്തൂർ, കിണറ്റിൻറവിട, പൂവത്തൂർ, തൊടിക്കളം, പാലാപറമ്പ്, കുന്നോത്തുപറമ്പ്, വിളക്കോട്ടൂർ, പാറാട്ട്, എരങ്ങാട്, സെൻട്രൽ പോയിലൂർ, വടക്കേൽപായിലൂർ, തൂവക്കുന്ന്, കല്ലിക്കണ്ടി, ചീറ്റാരിത്തോട്, തെക്കുംമുറി, പുല്ലിയോട്, ചാവശ്ശേരി എന്നീ സ്ഥലങ്ങളിലായി ആകെ 229 സ്ഫോടനങ്ങൾ ഉണ്ടായി.

(ബി & സി)	കൊല്ലപ്പെട്ടവർ	9
	സി. പി. എം	4
	ബി. ജെ. പി/ആർ. എസ്. എസ്	2
	കോൺഗ്രസ് (ഐ)	1
	രാഷ്ട്രീയ ബന്ധമില്ലാത്തവർ	2
	കൈപ്പത്തി നഷ്ടപ്പെട്ടവർ	10
	സി. പി. എം.	7
	ബി. ജെ. പി.	1
	രാഷ്ട്രീയ ബന്ധമില്ലാത്തവർ	2
	പരുക്കുപറ്റിയവർ	173
	കോൺഗ്രസ്	4
	സി. പി. എം.	61
	ബി. ജെ. പി/ആർ. എസ്. എസ്	39
	ജനതാദൾ	3
	രാഷ്ട്രീയ ബന്ധമില്ലാത്തവർ	66

(ഡി) സ്ഫോടക വസ്തുക്കൾ അശ്രദ്ധമായി കൈകാര്യം ചെയ്യുമ്പോഴും, അത് നിർമ്മിക്കുമ്പോഴും, ബോംബ് എറിഞ്ഞതിലും പടക്കം നിർമ്മിക്കുമ്പോഴും മറ്റുമാണ് സ്ഫോടനം ഉണ്ടായത്.

(ഇ-ജി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly